(ബി) സംസ്ഥാനത്തെ റോഡുകളെ അവയുടെ നിലവിലുള്ള നിലവാര മനുസരിച്ച് വളരെ നല്ലത്, നല്ലത്, തൃപ്തികരം, മോശം, വളരെ മോശം എന്നിങ്ങനെ 5 ആയി തരം തിരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

(സി) നിലവാരം കുറഞ്ഞ റോഡുകൾ ഉടനടി അത്യാവശ്യ അറ്റകുറ്റ പ്പണികൾ ചെയ്ത് ഗതാഗതയോഗ്യമാക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പിന്നീട് ഇവയുടെ ഉപരിതലം പുതുക്കിപ്പണിയുന്നതാണ്.

നബാർഡ് സഹായ പദ്ധതി

166 (5871) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പിന് 2009-ൽ ലഭ്യമായ നബാർഡ് സഹായത്തിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഗ്രാമീണ റോഡുകൾ, പാലങ്ങൾ എന്നീ ഇനങ്ങളിൽ നബാർഡ് സഹായത്തിനായി മരാമത്ത് വകുപ്പ് ധനകാര്യ വകുപ്പിന് സമർപ്പിച്ച പ്രവൃത്തി കളുടെ വിശദാംശം വ്യക്തമാക്കുമോ ;

(സി) ധനകാര്യ വകുപ്പിന് അംഗീകാരത്തിനായി സമർപ്പിച്ച പ്രവൃത്തികളിൽ അനുമതി ലഭിച്ചവയുടെ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) നബാർഡ് സഹായത്തിനായി സംസ്ഥാനം പദ്ധതികൾ സമർപ്പി ക്കേണ്ടിയിരുന്ന തീയതി, പദ്ധതി സമർപ്പിച്ച തീയതി എന്നിവ വെളിപ്പെടു ത്തുമോ ;

(ഇ) വയനാട് ജില്ലയിലെ ചീക്കല്ലൂർ പാലം നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി മരാമത്ത് വകുപ്പ് ധനകാര്യ വകുപ്പിന് ശുപാർശ ചെയ്തിരുന്നോ ;

(എഫ്) ചീക്കല്ലൂർ പാലത്തിന് അനുമതി നൽകാത്തതിന് എന്തു കാരണമാണ് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2009-ൽ RIDF XV-ാം പദ്ധതിയിൽ 22 റോഡുകളുടേയും 15 പാലങ്ങളുടേയും നിർമ്മാണത്തിന് നബാർഡ് ധനസഹായം ലഭ്യമാക്കി. (വിശദാംശം അനുബന്ധം 1-ൽ കാണുക) *

(ബി) പൊതുമരാമത്ത് വകുപ്പ് 24 റോഡുകളും 18 പാലങ്ങളും ഉൾപ്പെടെ മൊത്തം 42 പ്രവർത്തികളുടെ ശുപാർശ 2009-10-ൽ നബാർഡ് ധനസഹായത്തി നായി ധനകാര്യ വകുപ്പിന് സമർപ്പിച്ചു. വിശദാംശം (അനുബന്ധം II-ൽ കാണുക.)

(സി) അനുമതി ലഭിച്ച പ്രവർത്തികളുടെ പട്ടിക അനുബന്ധം (I) ആയി ചേർത്തിട്ടുണ്ട്. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നബാർഡ് സഹായത്തിനായി പദ്ധതികൾ അയയ്ക്കുന്നതിന് പ്രത്യേക സമയപരിധി നബാർഡ് നിശ്ചയിച്ചിട്ടില്ല. നബാർഡിന്റെ ഓരോ വർഷത്തേയും പ്രോജക്ട് സെലക്ഷൻ കമ്മിറ്റിയുടെ അന്തിമ യോഗത്തിനുമുമ്പ് ലഭിക്കുന്ന പ്രോജക്ടുകൾ മാത്രമേ ആ വർഷം പരിഗണിക്കപ്പെടുകയുള്ളു. ആർ.ഐ.ഡി.എഫ്. XV-ൽ ഉൾപ്പെടുത്തേണ്ട പദ്ധതികൾ സംസ്ഥാനതല ഉന്നതാധികാര സമിതിയുടെ അംഗീകാരത്തോടെ 18-6-2009 മുതൽ 9-3-2010 വരെ വിവിധ തീയതികളിലായി നബാർഡിന് സമർപ്പിച്ചിട്ടുണ്ട്.

(ഇ & എഫ്) സർക്കാർ ഉത്തരവ് നമ്പർ 161/2008/പൊ.മ.വ. തീയതി 5-2-2008 പ്രകാരം ചിക്കല്ലൂർ പാലം പണിക്ക് നബാർഡ് ധനസഹായം ലഭ്യമാകുന്നതിലേക്കുള്ള ഇൻ പ്രിൻസിപ്പിൾ സാംഗ്ഷൻ നൽകി. എന്നാൽ ഇൻവെസ്റ്റിഗേഷനും ഡിസൈനിംഗും പൂർത്തിയാകാത്തതിനാൽ നബാർഡ് ധനസഹായം അനുവദിച്ചില്ല. സ്റ്റിമുലസ് പാക്കേജിൽ ഉൾപ്പെടുത്തി പ്രസ്തുത പാലത്തിന്റെ പണി ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നു.

സെൻട്രൽ റോഡ് ഫണ്ട്

167 (5872) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2006-07 മുതൽ 2010-11 വരെയുള്ള വർഷങ്ങളിലായി സെൻട്രൽ റോഡ് ഫണ്ടിൽ (സി.ആർ.എഫ്) ഉൾപ്പെടുത്തി എത്ര തുക വീതം അനുവദിച്ചുവെന്നും, എത്രതുക ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കുമോ ;

(ബി) ഓരോ വർഷവും ഏറ്റെടുത്ത റോഡുകളും അവയുടെ എസ്റ്റിമേറ്റ് തുകയും എത്രവീതമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ)	അനുവദിച്ച തുക	ചെലവഴിച്ച തുക
(1)	(2)	(3)
2006-07	28.51 കോടി	52.41 കോടി
2007-08	67.38 കോടി	30.22 കോടി
2008-09	110.02 കോടി	47.08 കോടി
2009-10	85.68 കോടി	48.21 കോടി
2010-11	—	10.09 കോടി

LIBRARY ARCHIVES Kerala Legislative Assembly